**കാശ്മീരി പണ്ഡിറ്റുകൾ അവരുടെ കൂട്ട പലായനത്തിന്റെ 25-ാം വർഷത്തിൽ ന്യൂ ദൽഹിയിൽ ബിജെപിയുടെ പ്രധാനമന്ത്രി സ്ഥാനാർത്ഥി നരേന്ദ്ര മോദിക്ക് 2004 ജനുവരി 19-ന് സമർപ്പിച്ച നിവേദനം.**

ബഹുമാന്യ സർ,
ഇന്ത്യൻ സംസ്ഥാനമെന്ന നിലയിൽ കാശ്മീർ പല പല വെല്ലുവിളികൾ നേരിടുകയാണ്. കാശ്മീരിലെ മതന്യൂനപക്ഷമായ ഹിന്ദുക്കളുടെ കൂട്ടപ്പലായനം അതിന്റെ പ്രകടമായ ഒരുദാഹരണമാണ്. ഈ മതപരമായ വിവേചനം മുമ്പും ഉണ്ടായിട്ടുണ്ട്, എന്നാൽ 1990-ലെ കൂട്ടപ്പലായനമാണ് മതേതര ജനാധിപത്യ ഇന്ത്യയിൽ സംഭവിച്ച ഏറ്റവും ഭീതിദമായത്.
ഹിന്ദു ന്യൂനപക്ഷ വിഭാഗത്തെ ലക്ഷ്യമിട്ടു നടത്തിയ കൂട്ടക്കൊലപാതകങ്ങളാണ് കൂട്ടപ്പലായനത്തിനിടയാക്കിയത്, അത് പ്രദേശത്തെ ജനസംഖ്യാപരമായ സന്തുലനം തകർത്തു. ഇത് സൂറിച്ച് ആസ്ഥാനമായ അന്താരാഷ്ട നീതിജ്ഞരുടെ സംഘടനയും ആഭ്യന്തരവകുപ്പിന്റെ പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റിയും ദേശീയ മനുഷ്യാവകാശ കമ്മീഷനും സ്വീകരിച്ചിട്ടുള്ള യാഥാർത്ഥ്യമാണ്. എന്നാൽ ഇതു സംബന്ധിച്ച് ഒരു കമ്മീഷനും രൂപീകരിക്കപ്പെട്ടിട്ടില്ല, അന്വേഷണത്തിനുത്തരവുണ്ടായിട്ടുമില്ല. കാശ്മീരിലെ വിധ്വംസക പ്രവർത്തനങ്ങൾ വർദ്ധിച്ചു വരികയുമാണ്. സത്യം കണ്ടെത്താൻ ഒരു സമിതിയുണ്ടാക്കണമെന്ന ആവശ്യം പോലും നടപ്പായിട്ടില്ല.
കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ പലായനം ചെയ്യാൻ നിർബന്ധിതരായ കാശ്മീരികളെ തിരികെ പാർപ്പിക്കാൻ പദ്ധതി അവതരിപ്പിച്ചിട്ടില്ല. പ്രധാനമന്ത്രിയുടെ കാശ്മീർ പാക്കേജിൽ പുനരധിവാസത്തെക്കുറിച്ച് ഒരു വാക്കുപോലുമില്ല.
ഇതിനൊപ്പമാണ് കാശ്മീരിന്റെ നാഗരിക ചരിത്രത്തിൽനിന്നുതന്നെ അവരെ തുടച്ചു നീക്കാനുള്ള ആസൂത്രിത പദ്ധതി. കാശ്മീരിലെ ശങ്കരാചാര്യ ഹിൽ, ഹരിപ്രഭാത് തുടങ്ങിയ ഔദ്യോഗിക പേരുകൾ ചട്ടവിരുദ്ധമായി മാറ്റിക്കഴിഞ്ഞു. അവിടത്തെ ക്ഷേത്രങ്ങളുടെയും മഠങ്ങളുടെയും സ്വത്തുക്കൾ സ്വകാര്യ വ്യക്തികൾ മാത്രമല്ല, സംസ്ഥാന സർക്കാർതന്നെ പൊതു ആവശ്യത്തിന്റെ പേരുപറഞ്ഞ് കൈവശപ്പെടുത്തിക്കഴിഞ്ഞു.
എന്നാൽ മതേതരത്വം പറയുന്ന എല്ലാ രാഷ്ട്രീയ-സാമൂഹ്യ-പൗരസമിതികളും ഇക്കാര്യത്തിൽ കനത്ത മൗനം ദീക്ഷിക്കുന്നുവെന്നതാണ് വലിയദുരന്തം. പലായനം ചെയ്യപ്പെട്ടവരെ സുരക്ഷിതരായി പുനരധിവസിപ്പിക്കാൻ ഒരു ശ്രമവും നടത്തുന്നില്ലെന്നതാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഇക്കാര്യത്തിലെ ഒത്തുകളി.
മധ്യകാലഘട്ടത്തിൽ 1674-ൽ സമാനമായ അസഹിഷ്ണുതകൾ പ്രശ്നമുണ്ടാക്കിയ ഔറംഗസീബിന്റെ ഭരണകാലത്ത് പണ്ഡിറ്റ് കൃപാറാം ദത്തയുടെ നേതൃത്വത്തിൽ ഗുരു തേജ് ബഹാദൂർജി മഹാരാജിനെ കണ്ട് ഇക്കാര്യത്തിൽ അവർക്കു വേണ്ടി ഇടപെടണമെന്ന് പണ്ഡിറ്റുകൾ അഭ്യർത്ഥിച്ചിട്ടുണ്ട്.
മറ്റൊരിക്കൽ 19-ാം നൂറ്റാണ്ടിൽ, അഫ്ഗാൻ ഭരണത്തിനെതിരേ ബീർബൽ ധാർ എന്ന കാശ്മീരി പണ്ഡിറ്റ് നേതാവിനെ മുൻ നിർത്തി 1819-ൽ മഹാരാജാ രഞ്ജിത് സിംഗിനെ കണ്ട് കാശ്മീർ വിമോചനം ആവശ്യപ്പെട്ടതിന്റെ ഫലമാണ് അഫ്ഗാൻ ഭരണത്തിന്റെ അവസാനത്തിനു കാരണമായത്.
ആ ശ്രമത്തിന്റെ ഭാഗമായാണ്, രാജ്യത്തെ വലിയൊരു ജനവിഭാഗം, നാടിനെ അഴിമതിയിൽനിന്നും അരാജകരാഷ്ട്രീയത്തിൽനിന്നും മോചിപ്പിക്കാൻ ശക്തനായ ആളെന്ന നിലയിൽ കാണുന്ന താങ്കളെ ഞങ്ങൾ സന്ദർശിക്കുന്നത്. അങ്ങയുടെ പരിശ്രമത്തിന് ഞങ്ങളെന്താണു ചെയ്യേണ്ടതെന്നു നിശ്ചയിച്ചാൽ അതു ചെയ്യാൻ ഒരുക്കമാണ്.
കാശ്മീരിനെ പുരാതന സംസ്കാരികതയിലൂന്നിയ ആധുനിക രാജ്യത്തിന്റെ ഭാഗമായി മാറ്റുന്ന, അഭിമാന പ്രതീകമാക്കുന്നതിനുള്ള പ്രവർത്തനത്തിന് ഇക്കാര്യത്തിൽ അങ്ങയുടെ ശ്രദ്ധ പതിയുമെന്ന വിശ്വാസത്തോടെ.

കാശ്മീരി പണ്ഡിറ്റു സമൂഹത്തിനു വേണ്ടി,
**ഡോ. കെ. എൻ. പണ്ഡിത**